# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1977

11-06-2018 ൽ മറുപടിയ്ക്ക്

## ജസ്റ്റിസ് പി.എൻ രാമചന്ദ്രൻ നായർ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിൻസെന്റ് : | പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) വിഴിഞ്ഞം ഇുറമുഖ കരാറുമായി ബന്ധപ്പെട്ട അന്വേഷണത്തിന് നിയുക്തനായ ജസ്റ്റിസ് പി.എൻ രാമചന്ദ്രൻ നായർ കമ്മീഷൻ അതിന്റെ പരിഗണനാ വിഷയങ്ങളിൽ വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നോ ഏങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ വ്യക്തത വരുത്തണമെന്നാണ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ളത്;<br>(ബി) പരിഗണനാ വിഷയങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള തീരുമാനം 2018 ഏപ്രിൽ 10 നകം അറിയിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നോ; | (എ)യും (ബി)യും സി.എൻ.രാമചന്ദ്രൻ നായർ കമ്മീഷൻ സർക്കാരിന് കത്തൊന്നും നൽകിയിട്ടില്ല. എന്നാൽ സർക്കാരിന് വേണ്ടി ഹാജരാകുന്ന കൗൺസൽ ചില വിഷയങ്ങളിൽ വ്യക്തത വരുത്താൻ കമ്മീഷൻ ആവശ്യപ്പെട്ടതായി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് പരിഗണനാ വിഷയങ്ങളിൽ വ്യക്തത വരുത്തി മറുപടി നൽകിയിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; | സി) കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് സർക്കാർ മതിയായ രേഖകൾ നൽകുന്നില്ലായെന്നും ഇത് അർത്ഥമില്ലാത്ത കമ്മീഷനാണെന്നും കമ്മീഷന്റെ സിറ്റിംഗിനിടയിൽ 15.05.2018 ൽ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് ഈ അഭിപ്രായമെന്ന് പരിശോധിച്ചിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ